## കൂനൻ കുരിശു സത്യം ( AD 1653 Jan 3 )

ചരിത്രത്തിൽ ആദ്യമായി നടന്ന സ്വാതന്ത്ര്യസമരം എന്ന് ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നു. AD 52ൽ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഭാരതീയ സഭയെ പോർച്ചുഗീസുകാരുടെ സൈന്യശക്തിയിൽ റോമൻ കത്തോലിക്കാ സഭ പിടിച്ചടക്കി, ബലാൽക്കേരണ പാശ്ചാത്ത്യ രീതികളും ലത്തീൻ ക്രമങ്ങളും അടിച്ചേൽപ്പിക്കപ്പെട്ടു. 14 നൂറ്റാണ്ടുകൾ പിന്നിട്ട മാർത്തോമ്മൻ നസ്രാണിപാരമ്പര്യങ്ങളും ക്രമങ്ങളും നശിപ്പിച്ചു. ഇതിനെതിരെ വിശ്വാസധീരരായ ആയിരക്കണക്കിനു മലങ്കര നസ്രാണികൾ മട്ടാഞ്ചേരിയിൽ സമ്മേളിച്ചു, 54 വർഷത്തെ അടിമച്ചങ്ങല - വൈദേശിക ബന്ധം - വലിച്ചെറിഞ്ഞ് ഭാരതത്തിലെ സഭയെ സ്വതന്ത്രമാക്കിയ സംഭവമാണ് കൂനൻകുരിശു സത്യം എന്നറിയപ്പെടുന്നത്. ഈ സംഭവം നടന്ന മട്ടാഞ്ചേരിയിയൽ 60 സെന്റ് സ്ഥലവും പുരാതനമായ ദേവാലയവും മലങ്കര മെത്രാപ്പോലീത്തായുടെ പൂർണ്ണ അധികാരത്തിലും അവകാശത്തിലുമുണ്ട്.

## പള്ളിയുടെ സ്ഥാപനവും പ്രാധാന്യങ്ങളും

പാശ്ചാത്യ സുറിയാനി സഭയിൽനിന്നും മലങ്കരയിൽ എത്തിയ മാർ ബസേലിയോസ് ശക്രള്ള മഫ്രിയാനയുടെ നേതൃത്വത്തിൽ 1751ൽ ഈ ദേവാലയം വി. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിച്ച് സഹദായുടെ തിരുശേഷിപ്പുകൾ ഇവിടെ പ്രതിഷ്ഠിച്ചു. മാർ ശക്രള്ളാ ബാവാ പള്ളിക്കകത്ത് പടിഞ്ഞാറുഭാഗത്തുള്ള ഒരു മേൽത്തട്ടിൽ താമസിച്ച് സഭാപ്രവർത്തനങ്ങൾ നടത്തിവരവെ, 1764ൽ പള്ളിയിൽ വച്ച് കാലംചെയ്യുകയും ഭൗതീകശരീരം കണ്ടനാട് പള്ളിയിൽ അടക്കുകയും ചെയ്തു. ശേഷം യറുശലേമിലെ മാർ ഗ്രീഗോറിയോസ് ഇവിടെ താമസിച്ചു വരവെ മാർത്തോമ്മൻ ആറാമനോടുള്ള നീരസം നിമിത്തം അദ്ദേഹത്തിന്റെ ശുശ്രൂഷ ചെയ്തിരുന്ന കാട്ടുമങ്ങാട് ഏബ്രഹാം റമ്പാനെ ഏബ്രഹാം മാർ കൂറീലോസ് എന്ന നാമത്തിൽ ഈ പള്ളിയിൽവച്ച് 1764ൽ വാഴിക്കുകയുണ്ടായി. സഭയുടെ അറിവില്ലാതെ മേൽപ്പട്ടസ്ഥാനം ലഭിച്ച മാർ കൂറീലോസിനെ സഭ അംഗീകരിച്ചില്ല. ഈ കൂറീലോസാണ് 1772ൽ സ്വതന്ത്ര മലബാർ സുറിയാനി സഭ ( തോഴിയൂർ ) സ്ഥാപിച്ചത്.

അഞ്ചാം മാർത്തോമ്മാ തൊട്ട് നാളിതുവരെയുള്ള മലങ്കരയുടെ പിതാക്കന്മാർ ഈ ദേവാലയത്തിൽ പ്രാർത്ഥനകളും കൂദാശാ കർമ്മങ്ങളും നടത്തിയിട്ടുണ്ട്. കൊച്ചി പ്രദേശങ്ങളിൽ മറ്റു ദേവാലയങ്ങൾ ഉണ്ടാകുന്നതുവരെ സഭാ പ്രവർത്തനങ്ങൾക്ക് ഈ ദേവാലയം സാക്ഷ്യം വഹിച്ചിട്ടുണ്ട്.

സഭാതർക്കങ്ങളിലും വ്യവഹാരങ്ങളിലുംപെട്ട് അനേകവർഷം പൂട്ടപ്പെട്ട ഈ ദേവാലയം 1995ലെ സുപ്രീംകോടതിയുടെ വിധിപ്രകാരം മലങ്കരസഭയുടെ പൂർണ്ണ അവകാശത്തിലും നിയന്ത്രണത്തിലുമായി. മട്ടാഞ്ചേരിയിലും കൊച്ചിയുടെ പ്രദേശങ്ങളിലുമുണ്ടായിരുന്ന സഭാസ്നേഹികളുടേയും ഫോർട്ടുകൊച്ചി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഇടവകയുടേയും ശക്തമായ ഇടപെടലും സംരക്ഷണയും ഉണ്ടായതിനാൽ ഈ പൗരാണിക പുണ്യസ്ഥലം സഭയ്ക്ക് ഒരു മുതൽക്കൂട്ടായി ഇന്നും നിലനിൽക്കുന്നു.

1751 - ൽ സ്ഥാപിക്കപ്പെട്ട ആദ്യ ദേവാലയം പിൽക്കാലത്ത് 1974 - ൽ കൊച്ചി ഭദ്രാസനാധിപൻ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ഭരണകാലത്ത് പുതുക്കി പണിതു.



മലങ്കരസഭയുടെ സ്വതന്ത്രമായ നിലനിൽപ്പിനുവേണ്ടി ത്യാഗങ്ങൾ സഹിച്ച് സഭയെ നാളിതുവരെ നയിച്ച സഭാപിതാക്കന്മാരുടേയും, ഒന്നാം സ്വാതന്ത്ര്യ സമരം എന്നു വിശേഷിപ്പിക്കുന്ന കൂനൻകുരിശുസത്യത്തിലൂടെ പോർച്ചുഗീസുകാരുടേയും റോമൻ കത്തോലിക്കാസഭയുടേയും അടിമച്ചങ്ങലപൊട്ടിച്ചെറിഞ്ഞ ആയിരക്കണക്കിനു നസ്രാണികളുടേയും വിശ്വാസ ധീരതയ്ക്കു പ്രതീകമായി കൂനൻകുരിശുസത്യം നടന്ന അതേമണ്ണിൽ ഉചിതമായ ചരിത്ര സ്മാരകങ്ങൾ നിർമ്മിച്ച് "**മലങ്കരസഭ ഭാരതത്തിലെ എല്ലാ സഭകളുടേയും മാതാവ്** " എന്നു നാനാജാതി മതസ്ഥർക്കും നമ്മുടെ വരുംതലമുറയ്ക്കും കാണിച്ചുകൊടുക്കുവാൻ പര്യാപ്തമായ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് പരിശുദ്ധസഭ തുടക്കം ഇട്ടിരിക്കുന്നത്. ഈ മഹത്തായ പ്രവർത്തനങ്ങളിലേക്ക് നിങ്ങൾ ഏവരേയും സ്വാഗതം ചെയ്യുന്നു.



Mar Sakralla Bava



The Present Church Building

പ. ബസേലിയോസ് ദിദിമോസ് പ്രഥമൻ വലിയ ബാവാ തിരുമേനിയുടെ 206 / 2008 കൽപ്പനയിലൂടെ ഈ പള്ളിയും സ്വത്തുക്കളും ഫോർട്ടുകൊച്ചി ഇടവകയിൽ നിന്നും മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിലാക്കി ഈ പള്ളിയെ കൂനൻ കുരിശു തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിച്ച് അതിന്റെ പ്രാരംഭപണികൾക്ക് തുടക്കം കുറിച്ചു. തുടർന്ന് പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസിലെ പ്രത്യേക താൽപര്യത്തിലും അദ്ധ്യക്ഷതയിലും, 16 അംഗ കൗൺസിൽ കൂനൻകുരിശു പിൽഗ്രിം സെന്ററിന്റെ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി പ്ലാൻ ചെയ്ത് പണികൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇത് സഭയുടെ 'A' Scheduled Property ആണ്, ഇവിടെ ഇടവകക്കാരില്ല. മലങ്കര മെത്രാപ്പോലീത്തായും മലങ്കര സഭാ മാനേജിംഗ് കമ്മറ്റിയും ഇതിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു.

*2006-ാം ആണ്ടിൽ കൊച്ചി ഭദ്രാസനാധിപൻ അഭി. സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പണികഴിപ്പിച്ച കുരിശിൻ സൗധം, പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആശീർവദിച്ച് , പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് കാതോലിക്കാ ബാവാ, അഭി. പൗലോസ് മാർ മിലിത്തിയോസ്, അഭി. മാത്യൂസ് മാർ സേവേറിയോസ്, അഭി. സഖറിയാസ് മാർ അന്തോണിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തിൽ കൂദാശ ചെയ്തു.*



**കൂനൻകുരിശു പിൽഗ്രിം സെന്റർ കൗൺസിലിന്റെ പ്രവർത്തനങ്ങൾ 2011 - ൽ പുനരാരംഭിച്ചു.** പ്രാരംഭമായി പള്ളിയുടെ കോമ്പൗണ്ടിൽ അനധികൃതമായി താമസിച്ചിരുന്ന കുടിയേറ്റക്കാരെ സമാധാനപരമായി ഒഴിപ്പിക്കുവാൻ സാധിച്ചത് ദൈവാനുഗ്രഹമായി കരുതുന്നു.

### Phase 1 - Accomodation & Administration Block

മാനേജർ അച്ചനും സഹായികൾക്കും താമസിക്കുവാനുള്ള സൗകര്യങ്ങൾ, അഡ്മിനിസ്ട്രേഷൻ ഓഫീസ് ഇതിനായിട്ടുള്ള കെട്ടിടം പണികൾ ഏകദേശം പൂർത്തിയാക്കി അത് ഭാഗീകമായി ഉപയോഗിച്ചുവരുന്നു. ( Estimated Cost 38ലക്ഷം രൂപ )

### Phase 2 - Church Rennovation - Aims to be an ICON

ജീർണ്ണാവസ്ഥയിലായിരുന്ന ഈ ദേവാലയത്തിന്റെ പുനരുദ്ധാരണ പണികൾ തുടങ്ങിക്കഴിഞ്ഞു. പൗരാണികമായ ഈ ദേവാലയത്തിന്റെ ആദ്യകാലത്തുണ്ടായിരുന്ന, പിതാക്കന്മാർ ഉണ്ടാക്കിയ, ഭിത്തികൾ, തറ, വി. ത്രോണോസ് ഇവ നിലനിർത്തിക്കൊണ്ട് - തനിമയാർന്ന ശിൽപ്പകലാ ചാരുതയിൽ - പൗരാണിക നിർമ്മാണ രീതിയിൽ കമ്പിയും കോൺക്രീറ്റും ഇല്ലാതെ ആധുനീക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പണിയുന്നു. അതായത് മോശയുടെ കാലത്ത് ഫറവോ രാജാക്കന്മാർ പിരമിഡിനുള്ളിലെ അറകൾ ചെയ്തതുപോലെ Catenary Vault 'Nubian Masonary' വിദ്യയിൽ പ്രത്യേകം ഉണ്ടാക്കിയ മൺകട്ടകൾകൊണ്ട് ചെയ്യുന്നു. Catenary Vault ഉം Occular opening Dome ഉം കൊണ്ട് പള്ളിയുടെ Structure പണിഞ്ഞിരിക്കുന്നു. ഇത്തരത്തിലുള്ള പണികൾ Auroville പോലുള്ള സ്ഥലങ്ങളിൽ കാണാം. ( ഇതിന്റെ ഡിസൈൻ ആർക്കിടെക്റ്റ് ശ്രീ. വിനു ഡാനിയേൽ. Estimated Cost 1 കോടി രൂപ )

വി. ഗീവർഗ്ഗീസ് സഹദായുടേയും, മലങ്കരസഭയുടെ പ്രഖ്യാപിത പരിശുദ്ധന്മാരുടേയും തിരുശേഷിപ്പുകൾ പൊതുവണക്കത്തിനായി പുനഃസ്ഥാപിക്കുക, കൂനൻകുരിശിന്റെ അനുസ്മരണാർത്ഥമുള്ള വലിയ മാർത്തോമൻ കൽകുരിശ്, കൂനൻകുരിശു സത്യം ഇന്ത്യയിലെ ഒന്നാം സ്വാതന്ത്ര്യസമരമായി പ്രതിപാദിക്കുന്ന വലിയ ഗ്രാനൈറ്റ് മോനുമെന്റ്, പുതിയ അതിർത്തിഭിത്തി, പടിപ്പുര, ലാന്റ്സ്കേപ്പിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും നടത്തേണ്ടിയിരിക്കുന്നു. ( Estimated Cost 70ലക്ഷം രൂപ )

ഈ വിശുദ്ധ ദേവാലയവും മേൽപ്പറഞ്ഞ പ്രവർത്തനങ്ങളും പൂർത്തീകരിച്ച് കൂദാശചെയ്ത് പ. സഭയ്ക്ക് 2014 - ൽ സമർപ്പിക്കുകയും, അതിനോടൊപ്പം ഇതിന്റെ ചരിത്രപ്രാധാന്യം ഉയർത്തി ദേശീയതലത്തിൽ കാണിക്കുവാനുള്ള പ്രവർത്തനങ്ങളും ചെയ്യുവാൻ ആഗ്രഹിക്കുന്നു. ഈ ലക്ഷ്യത്തിന്റെ വിജയം സഭാസ്നേഹികളായ നിങ്ങളുടെ കരങ്ങളിലാണ്.

### Phase 3- മാർത്തോമ്മൻ മ്യൂസിയം

നാനാജാതി മതസ്ഥർക്കും, വരും തലമുറയ്ക്കും, ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പൗരാണികത്വവും, മാർത്തോമ്മൻ പാരമ്പര്യവും ദേശീയത്വവും കാണിച്ചുകൊടുക്കുവാൻ പര്യാപ്തമായ മ്യൂസിയം ഉണ്ടാകേണ്ടിയിരിക്കുന്നു. ആയതും ഡിസൈൻ നടന്നുകൊണ്ടിരിക്കുന്നു. ( Estimated Cost ഏകദേശം 1.5 കോടി രൂപ )

**ആകെ നാലു കോടിയിലധികം രൂപയുടെ പദ്ധതിയാണ് നടന്നുകൊണ്ടിരിക്കുന്നത്.**

## ഈ പദ്ധതിയിൽ എങ്ങനെ പങ്കാളികളാകാം.

പ. ബാവാതിരുമനസിന്റെ കൽപ്പനപ്രകാരം ചരിത്രപ്രാധാന്യമുള്ള സഭയുടെ പൊതുസ്ഥാപനത്തിലേക്ക് ഏവരുടേയും പ്രാർത്ഥനയും, ഓരോ വ്യക്തിയുടേയും വളരെ ചെറുതുമായ സംഭാവനകൾക്കു വളരെ പ്രാധാന്യം നൽകികൊണ്ട്, ഈ പ്രവർത്തനങ്ങളിൽ പങ്കുചേരാത്ത പള്ളികളിൽ തളികപ്പണം സ്വീകരിച്ചുകൊണ്ട് ഏവരേയും ഈ പ്രവർത്തനത്തിൽ പങ്കുചേർക്കുവാൻ ആഗ്രഹിക്കുന്നു.

സഭയുടെ വളർച്ചയിൽ സുപ്രധാന പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന ദേവാലയങ്ങൾക്കും സഭാസ്നേഹികൾക്കും ഇതിന്റെ ഭാഗങ്ങൾ അവരുടെ പേരിൽ സ്പോൺസർ ചെയ്യുവാനും, ഒരുലക്ഷം രൂപയോ കൂടുതലോ തരുന്നവരുടെ പേരുകൾ സ്ഥിരമായി എഴുതിവയ്ക്കുവാനും തീരുമാനമുണ്ട്. 50000 രൂപ, 25000 രൂപ, 10000 രൂപ തരുന്നവർക്ക് Meadallion ഉം Certificates ഉം നൽകുന്നതായിരിക്കും.

എല്ലാ സംഭാവനകളും സോവനീയറിൽ പ്രസിദ്ധപ്പെടുത്തുകയും വരവുചെലവുകൾ സഭയുടെ ഓഡിറ്റർ പരിശോധിച്ച് സഭാമാനേജിംഗ് കമ്മറ്റിക്കു സമർപ്പിക്കുന്നതുമാണ്.



Meadallion